**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3264** **15-02-2024 - ൽ മറുപടിയ്ക്ക്**

**മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ് ഗതാഗത യോഗ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന , പൊതുമരാമത്ത് വകുപ്പ് - നിരത്ത് ഉപവിഭാഗം കാര്യാലയത്തിന് കീഴിലെ പ്രധാന ജില്ലാ പാതയാണ് , കി.മീ. 0/000 മുതൽ 12/000 വരെയുള്ള മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ്. ഓപ്പൺ ഗ്രേഡ് ചിപ്പിംഗ് കാർപ്പെറ്റ് നിലവാരത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ടി റോഡിന്റെ വിവിധ ഭാഗങ്ങളിലായി കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചുവരുന്നതും അമിത ഭാരം വഹിച്ചുള്ള വാഹനങ്ങളുടെ നിരന്തര സഞ്ചാരം നിമിത്തം റോഡ് തകരാർ സംഭവിക്കാറുള്ളതിനാൽ ഈ നിരത്തിലെ കിമീ 0/000 മുതൽ 12/000 വരെയുള്ള ഭാഗങ്ങൾ റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് - നിരത്ത് / നിരത്ത് പരിപാലന വിഭാഗം പരിപാലിച്ച് വരികയുമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ബി) | അടിയന്തിരമായി നവീകരിക്കപ്പെടേണ്ടുന്ന കിമീ 0/000 മുതൽ 5/500 വരെയുള്ള നിരത്തു ഭാഗത്തിനായി {PWD/RB/EST/4463/2023-5-1-1 ] GENERAL – Improvements to Mampad Povathinkalatty Road km 0/00 to 5/500 – Improvements by providing BM and BC to Mampad Povathinkalatty Road Km 0/00 to 5/500-General Civil Work } 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ